06
2024
ആഗസ്റ്റ്
ചൊവ്വ
കർക്കിടകം 22

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.234 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-234 പേജ് 4. വില 2.00 രൂപ

02 അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്: കെട്ടിക്കിടക്കുന്ന മലിന വെള്ളത്തിൽ കുളിക്കരുത്
03 വയോസേവന പുരസ്കാരങ്ങൾക്ക് നാമനിർദ്ദേശം ക്ഷണിച്ചു
04 ഇലക്ട്രോണിക്സ് കയറ്റുമതിയിൽ ഇന്ത്യ കൈവരിച്ച പുരോഗതിയെ അഭിനന്ദിച്ച് പ്രധാനമന്ത്രി

## സൈന്യത്തിൻെറ അന്ത്യശാസനം

# ബംഗ്ലാദേശ് പ്രധാനമന്ത്രി രാജി വെച്ച് ഇന്ത്യയിൽ അഭയം തേടി

ബംഗ്ലാദേശിൽ സർക്കാരിനെതിരായ വിദ്യാർഥിപ്രക്ഷോഭം ശക്തമാകുന്നതിനിടെ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജിവെച്ചു. 45 മിനിറ്റിനുള്ളിൽ രാജിവെയ്ക്കണമെന്ന് നേരത്തെ സൈന്യം പ്രധാനമന്ത്രിക്ക് അന്ത്യശാസനം നൽകിയതായി ടൈംസ് നൗ റിപ്പോർട്ടു ചെയ്തു. ഇതിന് പിന്നാലെയാണ് രാജി. ഷെയ്ക് ഹസീന ഇന്ത്യയിൽ അഭയം തേടിയതായും പ്രക്ഷോഭകാരികൾ പ്രധാനമന്ത്രിയുടെ വസതിയിലേക്ക് ഇരച്ചുകയറിയതായും റിപ്പോർട്ടുകളുണ്ട്. നേരത്തെ പ്രക്ഷോഭകാരികളെ ഭീകരവാദികളെന്ന് വിശേഷിപ്പിച്ച ഷെയ്ഖ് ഹസീന അക്രമികളെ ശക്തമായി നേരിടുമെന്നും പറഞ്ഞിരുന്നു.

### ഷെയിഖ് ഹസീനയുടെ ഔദ്യോഗിക വസതി കീഴടക്കി പ്രക്ഷോഭകർ

സർക്കാർ വിരുദ്ധപ്രക്ഷോഭം രാജ്യവ്യാപകമായതിന് പിന്നാലെ രാജിവെച്ച ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ ഔദ്യോഗിക വസതിയിൽ ഇരച്ചെത്തിയ സംഘം ബം?ഗ്ലാവിലെ സകലതും മോഷ്ടിച്ചതായി റിപ്പോർട്ടുകൾ. ഹസീനയുടെ വസതിയിലെ സാരികൾ, ചായക്കപ്പുകൾ, ടി.വി സെറ്റുകൾ തുടങ്ങി ചിത്രങ്ങൾ വരെ മോഷണം പോയതായാണ് റിപ്പോർട്ട്.

നിരവധി വീഡിയോകളും ചിത്രങ്ങളും സാമൂഹികമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. എന്നാൽ, ഇവയൊന്നും സ്ഥിരീകരിക്കാനായിട്ടില്ല. ആഹ്ലാദഭരിതരായ പ്രതിഷേധക്കാർ ഹസീനയുടെ വീട്ടിലെ സാമഗ്രികൾ തിരയുന്ന ദൃശ്യങ്ങൾ പ്രചരിക്കുന്നുണ്ട്.

ഷെയ്ഖ് ഹസീനയുടെ അടുത്ത ആളുകളുടെ വീടുകൾ പ്രക്ഷോഭകർ തകർത്തതായി എ.എഫ്.പി റിപ്പോർട്ട് ചെയ്തു. ഹസീനയുടെ പിതാവ് ഷെയ്ഖ് മുജീബുർ റഹ്മാന്റെ പ്രതിമയും ഇക്കൂട്ടർ തകർത്തു. രാജ്യവ്യാപകമായി തെരുവുകൾ പ്രക്ഷോഭകർ കീഴടക്കിയിരിക്കുകയാണ്. ഹസീനയുടെ രാജി ഇവർ ആഘോഷിക്കുന്നതിന്റെ ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്.



## ചൂരൽമലയിൽനിന്ന് ഒരു മൃതദേഹം കൂടി കണ്ടെടുത്തു, മരണസംഖ്യ 353

കൽപറ്റ: ഉരുൾപൊട്ടൽ മേഖലകളിൽ കാണാതായവർക്കായുള്ള തിരച്ചിൽ ആറാം ദിവസം പുരോഗമിക്കുന്നതിനിടെ ചൂരൽമലയിൽനിന്ന് ഒരു മൃതദേഹം കൂടി കണ്ടെടുത്തു. ചൂരൽമല അങ്ങാടിയിൽനിന്നാണ് ജീർണിച്ച നിലയിലുള്ള മൃതദേഹം കണ്ടെത്തിയത്. ദുരന്തത്തിൽ ഇതുവരെ 353 പേർ മരിച്ചെന്നാണ് അനൗദ്യോ?ഗിക വിവരം.

219 മൃതദേഹങ്ങൾ കണ്ടെത്തിയതായാണ് ഔദ്യോഗികമായി സ്ഥിരീകരിച്ചിരിക്കുന്നത്. 205 പേരെ ഇനിയും കണ്ടെത്താനുണ്ടെന്നാണ് കണക്ക്. ചാലിയാറിൽനിന്ന് ശനിയാഴ്ച ആകെ 12 മൃതദേഹങ്ങളാണ് കണ്ടെടുത്തത്. രണ്ട് മൃതദേഹങ്ങൾ ചൂരൽമലയിൽനിന്ന് കണ്ടെടുത്തതടക്കം ശനിയാഴ്ച ആകെ 14 മൃതദേഹങ്ങൾ കണ്ടെത്തിയിരുന്നു.

മുണ്ടക്കൈ, പുഞ്ചിരിമട്ടം പ്രദേശങ്ങളിലാണ് ഞായറാഴ്ച പ്രധാനമായും തിരച്ചിൽ പുരോ?ഗമിക്കുന്നത്. ഏഴോളം പോയിന്റുകൾ കേന്ദ്രീകരിച്ചാണ് ദൗത്യസംഘത്തിന്റെ പരിശോധന. ചൂരൽമല സ്കൂൾ, വെള്ളാർമല വില്ലേജ് ഓഫീസ് പരിസരങ്ങളിലാണ് കൂടുതലായും തിരച്ചിൽ നടക്കുന്നത്. പുഴയിൽ ഇറങ്ങിയുള്ള പരിശോധനയും നടക്കുന്നുണ്ട്. പുഴയുടെ ഇരുവശത്തും കരയിലും ബെയ്‌ലി പാലത്തിന് താഴേയുമാണ് തിരച്ചിൽ. പ്രദേശത്ത് രാവിലെ കനത്ത മഴ പെയ്തിരുന്നുവെങ്കിലും നിലവിൽ പുഴയിൽ ജലനിരപ്പ് കുറഞ്ഞിട്ടുണ്ട്. ജില്ലയിൽ യേല്ലോ അലർട്ടാണുള്ളത്.

മണ്ണിനടിയിൽ കുടുങ്ങിക്കിടക്കുന്നവരെ കണ്ടെത്താൻ സൈന്യത്തിന്റെ നേതൃത്വത്തിൽ റഡാർ ഉപയോഗിച്ചുള്ള പരിശോധനയും ആരംഭിച്ചിട്ടുണ്ട്. ഡൽഹിയിൽനിന്ന് ശനിയാഴ്ച വ്യോമമാർ?ഗമാണ് ഡ്രോൺ സഹായത്തോടെ പ്രവർത്തിക്കുന്ന റഡാർ എത്തിച്ചത്.

മണ്ണിനടിയിൽ മനുഷ്യശരീരം ഉൾപ്പടെ ഉണ്ടോയെന്ന് കണ്ടെത്തുന്ന അത്യാധുനിക ഉപകരണമാണിത് എന്നാണ് ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നത്.

## സംഘർഷസാധ്യത: ഇസ്രയേലിലെ ഇന്ത്യക്കാർ ആശങ്കയിൽ

ടെൽ അവീവ്: ഇറാനും ഇസ്രയേലും തമ്മിൽ യുദ്ധ സാധ്യത നിലനിൽക്കുന്ന സാഹചര്യത്തിൽ ഇസ്രയേലിലെ ഇന്ത്യക്കാർ ആശങ്കയിൽ.

ഇറാൻ ആക്രമണം നടത്താൻ സാധ്യതയുള്ള സാഹചര്യത്തിൽ ഇസ്രയേലിലുള്ളവർ വരും ദിവസങ്ങളിലേക്കു വേണ്ടിയുള്ള റേഷനും വെള്ളവും സംഭരിക്കുകയാണെന്ന് ഇസ്രയേലിൽ താമസമാക്കിയ ഇന്ത്യൻ വംശജ സിപോറ മെയർ വെളിപ്പെടുത്തിയതായി സിഎൻഎൻന്യൂസ് 18 റിപ്പോർട്ട് ചെയ്തു.

ഇസ്രായേലിൽ വളരെ സംഘർഷഭരിതമായ സാഹചര്യമാണെന്നും ഏത് നിമിഷവും യുദ്ധം പൊട്ടിപ്പുറപ്പെടാമെന്നും സിപോറ മെയർ പറഞ്ഞു. അവർ എങ്ങനെ ആക്രമിക്കുമെന്ന് പ്രവചിക്കാനാവില്ല. മുൻകരുതലിന്റെ ഭാ?ഗമായി ഭക്ഷണവും വെള്ളവും മറ്റ് അടിയന്തര വസ്തുക്കളും സംഭരിക്കുകയാണെന്നും മെയർ വ്യക്തമാക്കി.

ജൂലായ് 31നായിരുന്നു ഹമാസിന്റെ രാഷ്ട്രീയകാര്യ മേധാവി ഇസ്മയിൽ ഹനിയെ ഇറാന്റെ തലസ്ഥാനമായ ടെഹ്റാനിൽ കൊല്ലപ്പെട്ടത്. ലെബനീസ് സായുധസംഘടനയായ ഹിസ്ബുള്ളയുടെ ഉന്നത കമാൻഡർ ഫുആദ് ഷുക്കൂറിനെ ഇസ്രയേൽ വധിച്ച് 24 മണിക്കൂറിനകമായിരുന്നു ഹനിയെയുടെ കൊലപാതകം.

ഹനിയെയുടെ കൊലപാതകത്തിന് പിന്നിൽ ഇസ്രയേലാണെന്നാണ് ഇറാന്റേയും ഹമാസിന്റേയും ആരോപണം. ഹമാസ് നേതാവിന്റെയും ഹിസ്ബുള്ള കമാൻഡറിന്റെയും കൊലപാതകത്തിൽ ശക്തമായി തിരിച്ചടിക്കുമെന്ന് ഇറാനും പ്രാദേശിക സംഘങ്ങളും ഭീഷണി മുഴക്കിയിരുന്നു. അതേസമയം, കൊലപാതകത്തിൽ ഇസ്രയേൽ ഉത്തരവാദിത്തം ഏറ്റെടുക്കുകയോ നിഷേധിക്കുകയോ ചെയ്തിട്ടില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി: ചുമതല ശ്രീറാം വി. ഐ. എ. എസ്സിന്

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട് ധനവകുപ്പ് രൂപവത്കരിച്ച പരാതി പരിഹാരസെല്ലിന്റെ ചുമതല ശ്രീറാം വി. ഐ.എ.എസ്സിന് നൽകിയതിനെ വിമർശിച്ച് വി.ടി. ബൽറാം. എല്ലാവരും ഒരുമിച്ച് നിൽക്കേണ്ട സമയമാണിത്. പല കാരണങ്ങൾ കൊണ്ട് സ്ഥിരം വിവാദനായകനായ ഒരാളെ ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട ഒരു പ്രധാന ചുമതല നൽകിയത് ഉചിതമാണോ എന്ന് മുഖ്യമന്ത്രി വിലയിരുത്തണമെന്നും അദ്ദേഹം ഫെയ്സ്ബുക്കിൽ കുറിച്ചു.

## കണ്ണീരിൽ കുതിർന്ന് മടക്കം; രണ്ടാംദിവസവും പുത്തുമലയിൽ കൂട്ടസംസ്കാരം

കൽപറ്റ: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ച, തിരിച്ചറിയാത്തവരുടെ മൃതദേഹങ്ങളുടെ സംസ്കാരം രണ്ടാംദിവസവും പുരോഗമിക്കുന്നു. സർവമത പ്രാർഥനയ്ക്കു ശേഷം പുത്തുമലയിലെ ഹാരിസൺസ് പ്ലാന്റേഷനിലാണ് കൂട്ടസംസ്കാരം നടക്കുന്നത്. തിരിച്ചറിയാത്ത 29 മൃതദേഹങ്ങളും 154 ശരീരഭാഗങ്ങളുമാണ് ഇന്ന് (തിങ്കളാഴ്ച) സംസ്കരിക്കുക. കൂട്ടസംസ്കാരത്തിന്റെ ആദ്യദിനമായ ഞായറാഴ്ച തിരിച്ചറിയാൻ സാധിക്കാത്ത എട്ട് മൃതദേഹങ്ങളും തിരിച്ചറിയപ്പെടാതെ പോയ 88 ശരീരഭാഗങ്ങളും സംസ്കരിച്ചിരുന്നു. ചാലിയാറിൽനിന്നും ചൂരൽമല ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽനിന്നുമായി ലഭിച്ച മൃതദേഹങ്ങളാണ് ഞായറാഴ്ച സംസ്കരിച്ചത്.

## 'വയനാട് ദുരന്തം അനധികൃത കയ്യേറ്റവും ഖനനവും മൂലം': സംസ്ഥാന സർക്കാരിനെതിരെ കേന്ദ്ര വനം മന്ത്രി

ന്യൂഡൽഹി : വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ സംസ്ഥാന സർക്കാരിനെതിരെ രൂക്ഷ വിമർശനവുമായി കേന്ദ്ര വനംമന്ത്രി ഭൂപേന്ദ്ര യാദവ്. അനധികൃത കയ്യേറ്റവും ഖനനവും അനുവദിച്ചതിന്റെ ദുരന്തമാണു വയനാട് നേരിടുന്നതെന്നാണു കേന്ദ്രമന്ത്രിയുടെ കുറ്റപ്പെടുത്തൽ. "സർക്കാർ സംവിധാനങ്ങൾ ഇത്തരം പ്രവർത്തികൾക്കു നിയമവിരുദ്ധ സംരക്ഷണം നൽകി. വളരെ സെൻസിറ്റീവായ പ്രദേശത്തിന് ആ പ്രാധാന്യം നൽകിയില്ല. നൽകിയ മുന്നറിയിപ്പുകളെല്ലാം അവഗണിച്ചു. ഭാവിയിലെങ്കിലും ഈ രീതിയിലുള്ള ഖനനവും മണ്ണെടുപ്പുമടക്കം ഇല്ലാതാകേണ്ടതുണ്ട്" പാർലമെന്റ് സമ്മേളനത്തിനു മുന്നോടിയായി വാർത്താ ഏജൻസിയായ എഎൻഐയോട് കേന്ദ്രമന്ത്രി പറഞ്ഞു.

'പ്രാദേശിക രാഷ്ട്രീയക്കാരുടെ ഒത്താശയോടെയാണ് ഇവിടെ നിയമവിരുദ്ധമായി മനുഷ്യവാസം നടത്തുന്നത്. അവർ കയ്യേറ്റങ്ങൾ അനുവദിച്ചു. ഇതു വളരെ സെൻസിറ്റീവായ മേഖലയാണ്. മുൻ ഡയറക്ടർ ജനറൽ ഓഫ് ഫോറസ്റ്റ് സഞ്ജയ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘത്തെ കേന്ദ്രം പഠിക്കാൻ നിയോഗിച്ചിട്ടുണ്ട്. ഇവർ സംസ്ഥാന സർക്കാരുമായി സംസാരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടാണെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. പ്രാദേശിക അധികൃതരുടെ സഹായത്തോടെ ഇവിടെ അനധികൃത കയ്യേറ്റവും ഖനനവും നടക്കുന്നുണ്ട്.

## ശബരിമല വിമാനത്താവളം: വിജ്ഞാപനങ്ങൾ റദ്ദാക്കി

കോട്ടയം: നിർദിഷ്ട ശബരിമല വിമാനത്താവളത്തിനുള്ള ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം സർക്കാർ റദ്ദാക്കി. എരുമേലി തെക്ക്, മണിമല വില്ലേജുകളിലായി 2570 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഇതേവരെ സ്വീകരിച്ച നടപടികളെല്ലാം ഇതോടെ ഇല്ലാതായി. ജൂലായ് 31ന് ഇതിനായി പ്രത്യേക ഗസറ്റ് വിജ്ഞാപനം ഇറക്കുകയായിരുന്നു. ഭൂമി ഉടമകളുടെ കൈകളിലേക്ക് സാങ്കേതികമായി മടങ്ങി.

വിമാനത്താവളത്തിനായി ഏറ്റെടുക്കുന്ന ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമകളായ ബിലീവേഴ്സ് ചർച്ചിന് കീഴിലുള്ള അയന ചാരിറ്റബിൾ ട്രസ്റ്റ് ഹൈക്കോടതിയിൽ നൽകിയ ഹർജിയിൽ, സർക്കാർ നടപടികളിലെ പിഴവ് ചൂണ്ടിക്കാട്ടിയിരുന്നു. കേസ് കോടതി പരിഗണിച്ചപ്പോൾ, രണ്ട് നിയമപ്രശ്നമാണ് സർക്കാരിന് നേരിടേണ്ടിവന്നത്. സാമൂഹികാഘാതപഠനം നടത്തിയ ഏജൻസി സ്വതന്ത്രമായിരിക്കണമെന്ന ചട്ടം ലംഘിക്കപ്പെട്ടതാണ് ഒന്ന്. എരുമേലിയിൽ പഠനം നടത്തിയത് സർക്കാർ പങ്കാളിത്തമുള്ള ഏജൻസിയായിരുന്നു.

ചെറുവള്ളി എസ്റ്റേറ്റിന്റെ 2263.18 ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം വിജ്ഞാപനങ്ങളിൽ സൂചിപ്പിച്ചില്ലെന്നതാണ് മറ്റൊന്ന്. ഭൂമി ആരുടേതെന്ന് വിജ്ഞാപനത്തിൽ പറയേണ്ടതുണ്ട്. ഈ കുറവുകൾ കോടതിയിൽ അംഗീകരിച്ച സർക്കാർ റദ്ദാക്കലിന് തയ്യാറാണെന്ന് അറിയിച്ചിരുന്നു. ഭൂമി ഏറ്റെടുക്കാനുള്ള 2023 ജനുവരി 23ലെ 4(1) പ്രകാരമുള്ള പ്രാഥമികവിജ്ഞാപനം, വിമാനത്താവള രൂപവത്കരണം സംബന്ധിച്ച 2024 മാർച്ച് 13ലെ വിജ്ഞാപനം എന്നിവ റദ്ദാകും.

സാമൂഹികാഘാതപഠനത്തിന് പുതിയ ഏജൻസിയെ കണ്ടെത്തുന്നതിനുള്ള താത്പര്യപത്രം ക്ഷണിക്കുന്നതടക്കം നടപടികൾ ആദ്യംമുതൽ തുടങ്ങേണ്ടിവരും. ഒരുവർഷം നീണ്ട പ്രവർത്തനമാണ് സാമൂഹികാഘാതപഠനം. ഈ റിപ്പോർട്ട് പരിശോധിക്കാനും ഭൂവുടമകളെ കാണാനും നിയോഗിച്ച വിദഗ്ധസമിതിക്കും ആറുമാസംവരെ പ്രവർത്തനം വേണ്ടിവന്നു.

## ബെംഗളൂരുവിൽ മലയാളി നഴ്സിങ് വിദ്യാർഥിനി ഹോസ്റ്റലിനു മുകളിൽനിന്നു വീണു മരിച്ചു

വടക്കഞ്ചേരി : ബെംഗളൂരുവിൽ നഴ്സിങ് വിദ്യാർഥിനിയായ പുതുക്കോട് സ്വദേശിനി ഹോസ്റ്റലിനു മുകളിൽനിന്നു വീണു മരിച്ചു. ബെംഗളൂരു ധന്വന്തരി കോളജിലെ ഒന്നാം വർഷ ബിഎസ്സി നഴ്സിങ് വിദ്യാർഥിനിയും പുതുക്കോട് കീഴതാളിക്കോട് ഗംഗാധരന്റെ മകളുമായ അതുല്യ ഗംഗാധരൻ (19) ആണ് മരിച്ചത്. ഇന്നലെ രാത്രിയാണ് അപകടമുണ്ടായതെന്നാണ് കോളജ് അധികൃതർ വീട്ടുകാരെ അറിയിച്ചത്.

അതുല്യ മൂന്നു സഹപാഠികൾക്കൊപ്പമാണ് ഹോസ്റ്റലിൽ താമസിച്ചിരുന്നത്. ബെംഗളൂരു പൊലീസ് കേസെടുത്ത് അന്വേഷണം തുടങ്ങിയെന്ന് ബന്ധുക്കൾ പറഞ്ഞു. മൃതദേഹം പോസ്റ്റ്



# അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്: കെട്ടിക്കിടക്കുന്ന മലിന വെള്ളത്തിൽ കുളിക്കരുത്

### * അടിയന്തര സ്റ്റേറ്റ് ആർആർടി യോഗം ചേർന്നു

തിരുവനന്തപുരത്ത് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് (അമീബിക് മസ്തിഷ്ക ജ്വരം) സ്ഥിരീകരിച്ച സാഹചര്യത്തിൽ ശ്രദ്ധിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പായൽ പിടിച്ചു കിടക്കുന്നതോ മൃഗങ്ങളെ കുളിപ്പിക്കുന്നതോ ആയ കുളങ്ങളിലെ വെള്ളം ഉപയോഗിക്കുന്നവർ മുൻകരുതലുകളെടുക്കണം. മലിനമായ വെള്ളത്തിൽ കുളിക്കുകയോ മുഖം കഴുകുകയോ ചെയ്യരുത്. ഇത്തരം കുളങ്ങളിൽ കുളിക്കുന്നവർക്ക് തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി, കഴുത്ത് തിരിക്കാൻ ബുദ്ധിമുട്ട് തുടങ്ങിയ രോഗ ലക്ഷണങ്ങൾ കണ്ടാൽ അത് പറഞ്ഞ് ചികിത്സ തേടേണ്ടതാണ്. അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസുമായി ബന്ധപ്പെട്ടുള്ള പ്രതിരോധം, രോഗനിർണയം, ചികിത്സ എന്നിവ സംബന്ധിച്ച സാങ്കേതിക മാർഗരേഖ അടുത്തിടെ രാജ്യത്ത് ആദ്യമായി പുറത്തിറക്കിയിരുന്നു. ഈ മാർഗരേഖ അനുസരിച്ചായിരിക്കും ചികിത്സ. അവബോധം ശക്തമാക്കാനും മന്ത്രി നിർദേശം നൽകി.

വയനാട് ഉരുൾപൊട്ടൽ, അമീബിക്ക് മസ്തിഷ്ക ജ്വരം എന്നിവയുടെ സാഹചര്യത്തിൽ സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) യോഗം ചേർന്ന് സംസ്ഥാനത്തെ പൊതു സാഹചര്യം വിലയിരുത്തി. തിരുവനന്തപുരത്ത് മരണമടഞ്ഞയാൾക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചതിന് പുറമേ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ള 3 പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ഈ രോഗികളെല്ലാം പായൽ പിടിച്ചു കിടന്ന കുളത്തിലെ വെള്ളവുമായി പല രീതിയിൽ സമ്പർക്കമുണ്ടായ ആൾക്കാരാണ്.

കെട്ടിക്കിടക്കുന്നതോ ഒഴുകുന്നതോ ആയ ജലസ്രോതസുകളുമായി ബന്ധപ്പെടുന്ന ആൾക്കാരിൽ വളരെ അപൂർവമായി കാണുന്ന രോഗമാണ് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്. വേനൽക്കാലത്ത് വെള്ളത്തിന്റെ അളവ് കുറയുന്നതോടെയാണ് അമീബ വർധിയ്ക്കുകയും കൂടുതലായി കാണുകയും ചെയ്യുന്നത്. വെള്ളത്തിലിറങ്ങുമ്പോൾ അടിത്തട്ടിലെ ചേറിലുള്ള അമീബ വെള്ളത്തിൽ കലങ്ങുകയും മൂക്കിലൂടെ ശരീരത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. രോഗാണുബാധ ഉണ്ടായി ഒന്ന് മുതൽ ഒൻപത് ദിവസങ്ങൾക്കുള്ളിലാണ് രോഗലക്ഷണങ്ങൾ ഉണ്ടാകുന്നത്.

ചെവിയിൽ പഴുപ്പുള്ളവർ കുളത്തിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും മറ്റും കുളിക്കാൻ പാടില്ല. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നതും വെള്ളത്തിൽ ഡൈവ് ചെയ്യുന്നതും പരമാവധി ഒഴിവാക്കണം. വാട്ടർ തീം പാർക്കുകളിലേയും സ്വിമ്മിംഗ് പൂളുകളിലേയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പാക്കണം. മൂക്കിലേക്ക് വെള്ളം ഒഴിക്കുകയോ വലിച്ചു കയറ്റുകയോ ചെയ്യരുത്. മൂക്കിൽ വെള്ളം കയറാതിരിക്കാൻ നേസൽ ക്ലിപ്പ് ഉപയോഗിക്കുക.

എലിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണം. കെട്ടിക്കിടക്കുന്ന വെള്ളത്തിലോ ചെളിയിലോ ഇറങ്ങുന്നവർ നിർബന്ധമായും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം കഴിക്കേണ്ടതാണ്. സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെയുള്ളവർ ഡോക്സിസൈക്ലിൻ കഴിക്കേണ്ടതാണ്. ഡെങ്കിപ്പനി കേസുകളിൽ കുറവ് വന്നിട്ടുള്ളതായി യോഗം വിലയിരുത്തി. ആശുപത്രികളിൽ മരുന്നിന്റെ ലഭ്യത ഉറപ്പ് വരുത്താനും മന്ത്രി നിർദേശം നൽകി.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി കോഴ്സിനു അപേക്ഷിക്കാം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ എസ്.ബി.ടി.ഇ കേരളയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തെ ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളിലും സ്വകാര്യ എഫ് ഡി ജി ടി സ്ഥാപനങ്ങളിലും നടത്തുന്ന രണ്ടു വർഷത്തെ ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി പ്രോഗ്രാമിലേക്ക് 202425 അധ്യയന വർഷത്തേയ്ക്കുള്ള സംസ്ഥാനടിസ്ഥാനത്തിലുള്ള പ്രവേശന നടപടികൾ ആരംഭിച്ചു.

എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷയിൽ ഉന്നത വിദ്യാഭ്യാസത്തിനർഹത നേടിയിട്ടുള്ളവർക്ക് പ്രവേശനത്തിനപേക്ഷിക്കാം. എസ്.എസ്.എൽ.സി/ തത്തുല്യ പരീക്ഷയുടെ വിഷയങ്ങൾക്ക് ലഭിച്ച ഗ്രേഡ് പോയിന്റ് ആസ്പദമാക്കിയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. മൊത്തം ഗ്രേഡ് പോയിന്റ് ആകെ വിഷയങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ച് ശരാശരി ഗ്രേഡ് പോയിന്റ് കണക്കാക്കും.

ഭിന്നശേഷിയുള്ളവർക്ക് (സഞ്ചാരം, കാഴ്ച, കേൾവി വൈകല്യം ഉള്ളവർ) 5 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. പ്രത്യേക സംവരണമായി ഓരോ സ്ഥാപനത്തിലും ഒരു സീറ്റുവീതം യുദ്ധത്തിൽ മരണമടഞ്ഞ സൈനികരുടെ വിധവകൾക്കായി സംവരണം ചെയ്തിരിക്കുന്നു. എസ്.സി/എസ്.ടി, ഒഇസി, എസ്ഇബിസി വിഭാഗങ്ങളിലെ അപേക്ഷകർക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള സംവരണം ലഭിക്കും. കൂടാതെ മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം അനുവദിച്ചിട്ടുണ്ട്.

വസ്ത്ര രൂപകല്പന, നിർമ്മാണം, അലങ്കാരം, വിപണനം എന്നിവ ശാസ്ത്രീയമായി പഠിക്കുന്നതിന് ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി ഉപകരിക്കും.

പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 50 രൂപയും, മറ്റുള്ളവർക്ക് 100 രൂപയുമാണ് അപേക്ഷ ഫീസ്. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് www.polyadmission.org/gifd എന്ന വെബ്സൈറ്റ് മുഖേന വൺ ടൈം രജിസ്ട്രേഷൻ പ്രക്രിയ ഫീസടച്ച് പൂർത്തിയാക്കേണ്ടതും അതിനു ശേഷം വിവിധ ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളിലേക്കും ഓപ്ഷൻ സമർപ്പിക്കുവാൻ കഴിയുന്നതുമാണ്. വിവിധ സ്വകാര്യ എഫ് ഡി ജി ടി സ്ഥാപനങ്ങളിലേക്ക് അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർ ഓരോ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് വെവ്വേറെ അപേക്ഷകൾ സമർപ്പിക്കണം.

വിശദ വിവരങ്ങൾ അടങ്ങിയ പ്രോസ്പക്ടസും പ്രോഗ്രാം നടത്തപ്പെടുന്ന സ്ഥാപനങ്ങളുടെ വിവരങ്ങളും അനുബന്ധങ്ങളും ooo.ുീഹൃമറാശശൈീ.ൃഴ/ഴശളറ എന്ന അഡ്മിഷൻ പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യാം.

സംശയങ്ങൾക്ക് എല്ലാ സ്ഥാപനങ്ങളിലെയും ഹെൽപ് ഡെസ്കുകളിൽ ലഭ്യമാക്കിയിട്ടുള്ള ജീവനക്കാരുടെ മൊബൈൽ നമ്പറുകളിൽ ബന്ധപ്പെടാം. നമ്പറുകൾ അഡ്മിഷൻ പോർട്ടലിലെ 'കോൺടാക്ട് അസ്' എന്ന ലിങ്കിൽ ലഭിക്കും.

## കീം 2024; താൽക്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

എൻജിനീയറിങ്/ഫാർമസി കോഴ്സിലേക്കുള്ള (കീം 2024) പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചവരുടെ വിവിധ കാറ്റഗറി/കമ്മ്യൂണിറ്റി സംവരണം/ഫീസാനുകൂല്യം എന്നിവയ്ക്ക് അർഹരായവരുടെ താൽകാലിക ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 04712525300.

## വയനാട് ദുരന്തം: മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒന്നരക്കോടി കൈമാറി

ദുരന്തത്തിലാഴ്ന്ന വയനാടിന് കൈത്താങ്ങായി മുഖ്യമന്ത്രിയുടെ ദുരതാശ്വാസ നിധിയിലേക്ക് സംഭാവനയായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഒന്നരക്കോടി രൂപയും ബോർഡിലെ ജീവനക്കാരുടെ 1,70000 രൂപയും തൊഴിലും പൊതു വിദ്യാഭ്യാസവും വകുപ്പ് മന്ത്രി വി. ശിവൻകുട്ടിക്ക് ബോർഡ് ചെയർമാൻ കെ. കെ. ദിവാകരൻ കൈമാറി. ചടങ്ങിൽ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ രഞ്ജിത്ത്.പി.മനോഹർ സന്നിഹിതനായി.

## അമീബിക് മസ്തിഷ്ക ജ്വരം: സ്വയം ചികിത്സ പാടില്ലെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ

കെട്ടിക്കിടക്കുന്ന അല്ലെങ്കിൽ ഒഴുക്കുള്ള ജല സ്രോതസുകളുമായി ബന്ധപ്പെടുന്നവരിൽ വളരെ അപൂർവമായി ഉണ്ടാകുന്ന രോഗബാധയാണ് അമീബിക് എൻസെഫലൈറ്റിസ് അഥവാ അമീബിക് മസ്തിഷ്ക ജ്വരം. നേഗ്ലെറിയ ഫൗലേറി, അക്കാന്ത അമീബ ,സാപ്പിനിയ, ബാലമുത്തിയ എന്നീ അമീബ വിഭാഗത്തിൽപ്പെട്ട രോഗാണുക്കൾ തലച്ചോറിനെ ബാധിക്കുമ്പോഴാണ് രോഗം ഉണ്ടാകുന്നത്.

രോഗം മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് പകരില്ല. മൂക്കിനേയും മസ്തിഷ്ക്കത്തേയും വേർതിരിക്കുന്ന നേർത്ത പാളിയിലുള്ള സുഷിരങ്ങൾ വഴിയോ കർണ്ണപടലത്തിലുണ്ടാകുന്ന സുഷിരം വഴിയോ അമീബ തലച്ചോറിലേക്ക് കടക്കുകയും മെനിഞ്ചോ എൻസെഫലൈറ്റിസ് ഉണ്ടാക്കുകയും ചെയ്യുന്നു. 97 ശതമാനത്തിലധികം മരണനിരക്കുള്ള രോഗമാണിത്.

വെള്ളത്തിലിറങ്ങുമ്പോൾ അടിത്തട്ടിലെ ചേറിലുള്ള അമീബ വെള്ളത്തിൽ കലങ്ങുകയും മൂക്കിലൂടെ ശരീരത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. രോഗാണുബാധ ഉണ്ടായാൽ ഒന്ന് മുതൽ ഒൻപത് ദിവസങ്ങൾക്കുള്ളിൽ രോഗലക്ഷണങ്ങൾ പ്രകടമാകും.

*രോഗ ലക്ഷണങ്ങൾ*

തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദ്ദി, കഴുത്ത് തിരിക്കാൻ ബുദ്ധിമുട്ട്, വെളിച്ചത്തിലേക്ക് നോക്കുവാനുള്ള ബുദ്ധിമുട്ട് തുടങ്ങിയവയാണ് പ്രാഥമിക ലക്ഷണങ്ങൾ.

കുഞ്ഞുങ്ങളിൽ പൊതുവായി കാണപ്പെടുന്ന രോഗലക്ഷണങ്ങൾ

ഭക്ഷണം കഴിക്കാനുള്ള വിമുഖത, നിഷ്ക്രിയരായി കാണപ്പെടുക, സാധാരണമല്ലാത്ത പ്രതികരണങ്ങൾ എന്നിവ.

രോഗം ഗുരുതരാവസ്ഥയിലായാൽ അപസ്മാരം, ബോധക്ഷയം, ഓർമക്കുറവ് തുടങ്ങിയ ലക്ഷണങ്ങളും പ്രകടമാകുന്നു. രോഗലക്ഷണങ്ങൾ പ്രകടമായാൽ എത്രയും വേഗം ചികിത്സ ലഭ്യമാക്കണം. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നവർ ആ വിവരം ഡോക്ടറെ അറിയിക്കണം.

അമീബിക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കാനുള്ള മാർഗങ്ങൾ

കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നതുംഡൈവ് ചെയ്യുന്നതും ഒഴിവാക്കണം.

വാട്ടർ തീം പാർക്കുകളിലേയും സ്വിമ്മിംഗ് പൂളുകളിലേയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പാക്കണം.

ജലസ്രോതസ്സുകളിൽ കുളിക്കുമ്പോൾ മൂക്കിലേക്ക് വെള്ളം കയറാതിരിക്കാൻ ശ്രദ്ധിക്കണം.

മലിനമായ വെള്ളത്തിൽ മുങ്ങി കുളിക്കുന്നതും, മുഖവും വായും ശുദ്ധമല്ലാത്ത വെള്ളത്തിൽ കഴുകുന്നതും പൂർണ്ണമായും ഒഴിവാക്കണം.

*നീന്തൽ കുളങ്ങളിൽ പാലിക്കേണ്ട ശുചിത്വ നിർദേശങ്ങൾ*

ആഴ്ചയിൽ ഒരിക്കൽ വെള്ളം പൂർണമായും ഒഴുക്കി കളയണം.സ്വിമ്മിംഗ് പൂളിന്റെ വശങ്ങളും തറയും ബ്രഷ് ഉപയോഗിച്ച് ഉരച്ച് കഴുകണം.പ്രതലങ്ങൾ നന്നായി ഉണങ്ങുവാൻ അനുവദിക്കണം.നീന്തൽ കുളങ്ങളിലെ ഫിൽറ്ററുകൾ വൃത്തിയാക്കി ഉപയോഗിക്കണം.

പുതിയതായി നിറയ്ക്കുന്ന വെള്ളം ക്ലോറിനേറ്റ് ചെയ്തതിനുശേഷം ഉപയോഗിക്കണം.വെള്ളത്തിന്റെ അളവിനനുസരിച്ച് 5 ഗ്രാം ക്ലോറിൻ/ 1000 ലിറ്റർ വെള്ളത്തിന് ആനുപാതികമായിക്ലോറിനേറ്റ് ചെയ്യണം.

ക്ലോറിൻ ലെവൽ 0.5 പി.പി.എം മുതൽ 3 പി.പി.എം ആയി നിലനിർത്തണം.

രോഗലക്ഷണങ്ങൾ പ്രകടമായാൽ സ്വയം ചികിത്സ പാടില്ലെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

## ത്രിവത്സര എൽ.എൽ.ബി; ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നീട്ടി

ത്രിവത്സര എൽ.എൽ.ബി കോഴ്സുകളിലേക്കുള്ള 2024 25 അധ്യയന വർഷത്തെ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് ആറിന് രാത്രി 11.59 വരെയായി ദീർഘിപ്പിച്ചു. യോഗ്യരായ വിദ്യാർഥികൾ www.cee.kerala.gov.in വഴി അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ജൂലൈ 26ന് പ്രസിദ്ധീകരിച്ച വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 04712525300.

## അഭിഭാഷക ധനസഹായ പദ്ധതി; അപേക്ഷാ തീയതി നീട്ടി

നീതിന്യായ രംഗത്ത് പിന്നാക്ക വിഭാഗങ്ങളുടെ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കുന്ന അഭിഭാഷക ധനസഹായ പദ്ധതി (202425) പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 14 വരെ ദീർഘിപ്പിച്ചു.

## പഞ്ചവത്സര എൽ.എൽ.ബി പ്രവേശന പരീക്ഷ; അവസാന തീയതി നീട്ടി

പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളിലേക്കുള്ള 202425 അധ്യയന വർഷത്തെ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് ആറ് രാത്രി 11.59 വരെയായി ദീർഘിപ്പിച്ചു.

യോഗ്യരായ വിദ്യാർഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ജൂലൈ 26 ന് പ്രസിദ്ധീകരിച്ച വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 04712525300.

## എച്ച്.ഡി.സി ആൻഡ് ബി.എം കോഴ്സ്; പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിച്ചു

സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ കേരളത്തിലെ 13 കോളേജുകളിൽ നടത്തി വരുന്ന എച്ച്.ഡി.സി ആൻഡ് ബി.എം കോഴ്സ് പ്രവേശനത്തിനുള്ള പ്രാഥമിക ലിസ്റ്റ് www.scu.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പ്രാഥമിക ലിസ്റ്റിന്മേൽ പരാതികൾ ആഗസ്റ്റ് 12നു വൈകിട്ട് 4 മണിക്ക് മുമ്പായി അതത് കോളേജ് പ്രിൻസിപ്പലിന് രേഖാമൂലം സമർപ്പിക്കേണ്ടതാണ്.

## എൽ.എൽ.എം പ്രവേശന പരീക്ഷ; അപേക്ഷ തീയതി നീട്ടി

എൽ.എൽ.എം കോഴ്സിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് ആറിന് രാത്രി 11.59 വരെയായി ദീർഘിപ്പിച്ചു. യോഗ്യരായ വിദ്യാർഥികൾ www.cee.kerala.gov.in വഴി അപേക്ഷ സമർപ്പിക്കണം.

വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ജൂലൈ 27ന് പ്രസിദ്ധീകരിച്ച വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 04712525300.

## കീം 2024; അന്തിമ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

എൻജിനീയറിങ്/ഫാർമസി കോഴ്സുകളിലേക്കുള്ള കീം2024 പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള, വിവിധ കാറ്റഗറി/ കമ്മ്യൂണിറ്റി സംവരണം/ ഫീസാനുകൂല്യം എന്നിവയ്ക്ക് അർഹരായവരുടെ അന്തിമ കാറ്റഗറി ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471 2525300

## കീം 2024; ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരള എൻജിനീയറിങ്/ഫാർമസി കോഴ്സുകളിലേക്കുള്ള 202425 അധ്യയന വർഷത്തെ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയുടെ ഭാഗമായ ട്രയൽ അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഫോൺ: 0471 2525300

# മാനസികാരോഗ്യം ഉറപ്പാക്കാൻ ദീർഘകാല മാനസികാരോഗ്യ പദ്ധതി: മന്ത്രി വീണാ ജോർജ്

### പകർച്ചവ്യാധി പ്രതിരോധം: ഫീൽഡുതല പ്രവർത്തനങ്ങൾ ശക്തമാക്കാൻ മന്ത്രി നിർദ്ദേശം നൽകി

വയനാട് ഉരുൾപൊട്ടലിന്റെ സാഹചര്യത്തിൽ മാനസികാരോഗ്യം ഉറപ്പാക്കുന്നതിന് ദീർഘകാല മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വനിത ശിശുവികസന വകുപ്പിന്റെ സഹകരണത്തോടെ മാനസിക പിന്തുണ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമായി നടത്തി വരുന്നുണ്ട്. 137 കൗൺസിലർമാരെ നിയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സേവനം കൂടി ഉറപ്പാക്കും. കൂടുതൽ ഫീൽഡുതല ജീവനക്കാരെ വീടുകളിലേക്ക് അയക്കും. മാനസികാരോഗ്യത്തിന് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ കെ.എം.എസ്.സി.എല്ലിന് നിർദേശം നൽകി. ഇത്തരം ദുരന്തങ്ങളിൽ ദീർഘകാല മാനസിക പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ അത് മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആവിഷ്ക്കരിച്ച് വരുന്നതെന്നും മന്ത്രി വ്യക്തമാക്കി. അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.മഴ കുറഞ്ഞത് കാരണം ക്യാമ്പുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. ചെക്ക് ലിസ്റ്റ് പ്രകാരം മെഡിക്കൽ ടീം ക്യാമ്പുകൾ സന്ദർശിച്ചു. ക്യാമ്പിലുള്ളവർക്ക് ആരോഗ്യസേവനം ഉറപ്പാക്കിയിട്ടുണ്ട്. 14 സ്ഥലങ്ങളിലും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. രണ്ട് മൊബൈൽ ലാബുകൾ സജ്ജമാക്കി. സന്നദ്ധ പ്രവർത്തകർക്കും ജീവനക്കാർക്കും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ വിതരണം ചെയ്തു വരുന്നു. 84 സാമ്പിളുകൾ എടുത്ത് ഡിഎൻഎ പരിശോധനയ്ക്ക് അയച്ചു.

മൃതദേഹങ്ങൾ ആശുപത്രിയിലെത്തിക്കാനും തിരികെ കൊണ്ടുപോകാനുമായി 149 ആംബുലൻസുകൾ സജ്ജമാണ്. മൃതദേഹങ്ങൾ സൂക്ഷിക്കാനായി 138 ഫ്രീസറുകൾ അധികമായുണ്ട്. 225 മൃതദേഹങ്ങളും 181 ശരീര ഭാഗങ്ങളുമാണ് ഇതുവരെ കിട്ടിയത്. ശരീരഭാഗങ്ങളുൾപ്പെടെ 406 പോസ്റ്റുമോർട്ടങ്ങൾ നടത്തി.

ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ, സ്റ്റേറ്റ് മെഡിക്കൽ ബോർഡ് അംഗങ്ങൾ, ജില്ലാ മെഡിക്കൽ ഓഫീസർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, ജില്ലാ പ്രോഗ്രാം മാനേജർ, ജില്ലാ സർവൈലൻസ് ഓഫീസർ എന്നിവർ പങ്കെടുത്തു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി: പരാതിപരിഹാര സെൽ രൂപവത്കരിച്ച് സർക്കാർ ഉത്തരവിട്ടു

വയനാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്ന സംഭാവനകളും അനുബന്ധ വിഷയങ്ങളുമായും ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നുയരുന്ന അന്വേഷണങ്ങൾക്ക് മറുപടി നൽകുന്നതിന് ധനവകുപ്പിൽ ഒരു താൽക്കാലിക പരാതിപരിഹാര സെൽ രൂപീകരിച്ച് സർക്കാർ ഉത്തരവിട്ടു. ജോയിന്റ് ഡയറക്ടറും ഓഫീസർ ഓൺ സ്പെഷൽ ഡ്യൂട്ടിയുമായ ഡോ. ശ്രീറാം വി സൂപ്പർവൈസിങ് ഓഫീസറായും ധനവകുപ്പ് ജോയിന്റ് സെക്രട്ടറി സുരേഷ് കുമാർ ഒ ബി സെൽ ഇൻചാർജായും ധനവകുപ്പ് അണ്ടർ സെക്രട്ടറി അനിൽ രാജ് കെ എസ് നോഡൽ ഓഫീസറായും ധനവകുപ്പ് സെക്ഷൻ ഓഫീസർ ബൈജു ടി അസി. നോഡൽ ഓഫീസറായുമാണ് സെൽ രൂപീകരിച്ചത്. പരാതികൾക്കും സംശയങ്ങൾക്കും 8330091573 എന്ന മൊബൈൽ നമ്പറിലും cmdrf.cell@gmail.com എന്ന ഇ മെയിലിലും സെല്ലിനെ ബന്ധപ്പെടാം.

## ആർ.സി.സിയിൽ കാർഡിയോളജിസ്റ്റ്

തിരുവനന്തുപരം റീജിയണൽ കാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ കാർഡിയോളജിസ്റ്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 27. വിശദവിവരങ്ങൾ www.rcctvm.gov.in എന്ന ആർ.സി.സിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

## ഗവ. കെയർഹോമിൽ ഡെപ്യൂട്ടേഷൻ നിയമനം

സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവനന്തപുരം പുലയനാർകോട്ടയിൽ പ്രവർത്തിക്കുന്ന ഗവ. കെയർഹോമിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് കക തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്.

സ്റ്റാഫ് നഴ്സ് ഗ്രേഡ് കക അല്ലെങ്കിൽ സമാന സ്വഭാവമുള്ള തസ്തികകളിൽ 3930083000 രൂപ ശമ്പള സ്കെയിലിൽ സേവനമനുഷ്ഠിച്ച് വരുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷക്കാലയളവിലേക്ക് നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

താൽപര്യമുള്ള അപേക്ഷകർ നിയമനാധികാരിയുടെ നിരാക്ഷേപപത്രം സഹിതം കാര്യാലയ മേധാവി മുഖേന ആഗസ്റ്റ് 31 ന് മുമ്പായി അപേക്ഷ സമർപ്പിക്കണം.

# തദ്ദേശ അദാലത്ത് മാറ്റിവെച്ചു

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിലും മഴക്കെടുതി മൂലം മറ്റ് ജില്ലകളിൽ സ്വീകരിച്ചുവരുന്ന നടപടികളുടെയും സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തീർപ്പാകാതെ കിടക്കുന്ന പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി എം.ബി രാജേഷിന്റെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന തദ്ദേശ അദാലത്തുകളിൽ തിരുവനന്തപുരം ജില്ല (ആഗസ്റ്റ് ഏഴ്), കൊല്ലം ജില്ല (ആഗസ്റ്റ് എട്ട്), പത്തനംതിട്ട ജില്ല (ആഗസ്റ്റ് ഒമ്പത്), മലപ്പുറം ജില്ല (ആഗസ്റ്റ് 12), തൃശൂർ ജില്ല (ആഗസ്റ്റ് 13) എന്നിവ മാറ്റിവെച്ചു.

പുതുക്കിയ തീയതി പിന്നീട് നിശ്ചയിക്കും. മറ്റു ജില്ലകളിലെ / കോർപ്പറേഷനുകളിലെ തദ്ദേശ അദാലത്തിന് നിശ്ചയിച്ചിട്ടുള്ള തീയതികളിൽ മാറ്റമില്ല.



വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കെ.ടി.ഡി.സിയുടെ വിഹിതമായ 30 ലക്ഷം രൂപ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു




വിഴിഞ്ഞം ഗവ. ഹാർബർ ഏര്യാ എൽ.പി.എസിലെ കുട്ടികൾ സ്വരുക്കൂട്ടിയ തുക കുടുക്കയിലാക്കി മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ നൽകുന്ന ഒരു കോടി രൂപ ചെയർമാൻ അഡ്വ. കെ പ്രസാദ് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള 50,000 രൂപയുടെ ചെക്ക് മുൻ എം.പി കെ.ഇ ഇസ്മയിൽ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എം.എ യൂസഫലി പ്രഖ്യാപിച്ച 5 കോടി രൂപയുടെ ചെക്ക് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ഒരു ലക്ഷം രൂപ മുഖ്യമന്ത്രി പിണറായി വിജയന് ശ്രീകുമാരൻ തമ്പി കൈമാറുന്നു

## ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഒഴിവ്

തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ 30,995 രൂപ മാസ വേതന അടിസ്ഥാനത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ രണ്ടു പ്രതീക്ഷിത (താത്കാലികം) ഒഴിവുണ്ട്. ഡി.എം.എസ്.പി അല്ലെങ്കിൽ ക്ലിനിക്കൽ സൈക്കോളജിയിൽ എംഫിൽ, ആർസിഐ റെക്കഗ്നിഷൻ, രണ്ടു വർഷത്തെ ക്ലിനിക്കൽ പരിചയം, ലേണിങ് ഡിസബിലിറ്റിയിലുള്ള വൈദഗ്ദ്യം എന്നിവയാണ് യോഗ്യത. താൽപര്യമുള്ളവർ വിശദമായ ബയോഡേറ്റ, അസൽ സർട്ടിഫിക്കറ്റുകൾ, അപേക്ഷ എന്നിവയുമായി ആഗസ്റ്റ് 14ന് രാവിലെ 11 മണിക്ക് സി.ഡി.സിയിൽ വാക്ക് ഇൻ ഇന്റർവ്യൂവിന് നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക്: ൦൦൦.ററരസല്യമഹമ.ീൃഴ ഫോൺ: 0471 2553540

## വയോസേവന പുരസ്കാരങ്ങൾക്ക് നാമനിർദ്ദേശം ക്ഷണിച്ചു

ഈ വർഷത്തെ സംസ്ഥാന വയോസേവന പുരസ്കാരങ്ങൾക്ക് നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു. വയോജന മേഖലയിൽ മികച്ച പ്രകടനം കാഴ്ച്ചവെച്ച വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയ്ക്കും മികച്ച പ്രവർത്തനം നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഉള്ള പുരസ്കാരങ്ങൾക്കാണ് നാമനിർദ്ദേശം ക്ഷണിച്ചത്. ക്യാഷ് പ്രൈസ്, സർട്ടിഫിക്കറ്റ്, മെമെന്റോ എന്നിവ ഉൾപ്പെടുന്നതാണ് പുരസ്കാരങ്ങൾ.

അഞ്ചു വിഭാഗങ്ങളിലായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുരസ്കാരങ്ങൾ നൽകുക. വയോജനമേഖലയിൽ മികച്ച പ്രകടനം കാഴ്ചവെച്ച കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവയ്ക്കാണ് പുരസ്കാരങ്ങൾ.

വയോജനമേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി ആറ് വിഭാഗങ്ങളിലായാണ് പുരസ്കാരങ്ങൾ. മികച്ച പ്രകടനം കാഴ്ചവെച്ച എൻജിഒ, മികച്ച മെയിന്റനൻസ് ട്രൈബ്യൂണൽ, മികച്ച സർക്കാർ വൃദ്ധസദനം/സായംപ്രഭാ ഹോം എന്നിവയ്ക്കും, ഒരു മികച്ച കായികതാരത്തിനും, കലസാഹിത്യസാംസ്കാരിക മേഖലയിൽ മികച്ച പ്രവർത്തനം നടത്തിയ ഒരാൾക്കും, വയോജനമേഖലയിലെ ആജീവനാന്ത ബഹുമതിയായി ഒരാൾക്കുമാണ് പുരസ്കാരങ്ങൾ നൽകുക. ആഗസ്റ്റ് 12 ആണ് നാമനിർദ്ദേശങ്ങൾ ലഭിക്കേണ്ട അവസാന തീയതി. പുരസ്കാരത്തിന് പരിഗണിക്കുന്ന ഓരോ വിഭാഗത്തിനും പ്രത്യേകം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ൦൦൦.ംെറസല്യമഹമ.ഴീ.ശി എന്ന സാമൂഹ്യനീതിവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ അന്വേഷണങ്ങൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലോ സാമൂഹ്യനീതി ഡയറക്ടറേറ്റിലോ ബന്ധപ്പെടാം.

## ഇൻസ്പെയർ അവാർഡിന് അപേക്ഷ ക്ഷണിച്ചു

ദേശീയ തലത്തിൽ ശാസ്ത്രപ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ദേശീയ ശാസ്ത്ര സാങ്കേതിക മന്ത്രാലയം നടപ്പിലാക്കുന്ന പദ്ധതിയായ ഇൻസ്പെയർ അവാർഡ്മാനക് ന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും 6 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന 10 വയസ്സ് മുതൽ 15 വയസ് വരെ പ്രായമുള്ള വിദ്യാർഥികളുടെ ആശയങ്ങൾ സെപ്റ്റംബർ 15 നകം www.inspireawards.dst.gov.in ൽ രജിസ്റ്റർ ചെയ്യാം. ഒരു സ്കൂളിനു 5 വിദ്യാർഥികളെ വരെ നാമനിർദേശം ചെയ്യാം. മൊബൈൽ ആപ്പ് ഉപയോഗിച്ചും നോമിനേഷൻ രജിസ്റ്റർ ചെയ്യാം. ഇതിനായി ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നോ E-MIAS വെബ് പോർട്ടലിൻ നിന്നോ INSPIRE-MANAK ആപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം.

## ആർ.സി.സിയിൽ ഇന്റേണൽ ഓഡിറ്റ് ഓഫീസർ

തിരുവനന്തപുരം റീജയണൽ കാൻസർ സെന്ററിൽ 'ഇന്റേണൽ ഓഡിറ്റ് ഓഫീസർ' എന്ന തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. ആഗസ്റ്റ് 17 ന് വൈകിട്ട് മൂന്ന് വരെയാണ് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. വിശദ വിവരങ്ങൾക്ക് ൦൦൦.ൃരരേ.ഴീ.ശി എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## വനമിത്ര അവാർഡ്

ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ അനുകരണീയ പ്രവർത്തനങ്ങൾക്ക് സംസ്ഥാന വനം വന്യജീവി വകുപ്പ് 202425 വർഷത്തിൽ വനമിത്ര അവാർഡ് നൽകുന്നു. 25,000 രൂപയും ഫലകവുമടങ്ങുന്നതാണ് അവാർഡ്. കണ്ടൽക്കാടുകൾ, കാവുകൾ, ഔഷധ സസ്യങ്ങൾ, കാർഷികം, ജൈവവൈവിധ്യം മുതലായവ പരിരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയിൽനിന്നും ഒരു അവാർഡ് വീതം നൽകും. തിരുവനന്തപുരം ജില്ലയിലെ താൽപര്യമുള്ള വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകർ എന്നിവർക്ക് തിരുവനന്തപുരം രാജീവ് ഗാന്ധി നഗറിലെ (പി.റ്റി.പി) സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് ആഗസ്റ്റ് 31 വരെ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് 9447979135 എന്ന നമ്പരിൽ ബന്ധപ്പെടാം.

## സീനിയർ പെർഫ്യൂഷനിസ്റ്റ് അഭിമുഖം

എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റി മുഖേന സീനിയർ പെർഫ്യൂഷനിസ്റ്റിനെ താത്കാലികമായി നിയമിക്കുന്നതിന് ആഗസ്റ്റ് 13ന് രാവിലെ 11ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. കാർഡിയാക് പെർഫ്യൂഷൻ ടെക്നോളജിയിൽ ബി.എസ്.സി ബിരുദവും പെർഫ്യൂഷനിസ്റ്റായി അഞ്ച് വർഷത്തെ പ്രവൃത്തി പരിചയവും വേണം. ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ, പകർപ്പ്, ബയോഡേറ്റ് എന്നിവ സഹിതം സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് : 0484 2386000 (സി ടി വി എസ് ഡിപ്പാർട്ട്മെന്റ്)

## യോഗ കോഴ്സ് പ്രവേശന തീയതി നീട്ടി

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾകേരള മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/ എയ്ഡഡ് ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന യോഗ കോഴ്സ് രണ്ടാം ബാച്ചിന്റെ പ്രേവശന തീയിതി ആഗസ്റ്റ് 21 വരെ പിഴയില്ലാതെയു 100 രൂപ പിഴയോടുകൂടി ആഗസ്റ്റ് 31 വരെയും ദീർഘിപ്പിച്ചിരുന്നു.

നിശ്ചിത സമയപരിധിക്കുള്ളിൽ ഫീസ് ഒടുക്കി www.scolekerala.org മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## സെക്രട്ടേറിയൽ പ്രാക്ടീസ് പരീക്ഷ എട്ടിനും ഒമ്പതിനും

ഏപ്രിൽ 2024 ഡിപ്ലോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് പരീക്ഷയിലെ ജൂലൈ 31, ആഗസ്റ്റ് 01 തീയതികളിലെ മാറ്റിവച്ച പരീക്ഷകൾ യഥാക്രമം ആഗസ്റ്റ് എട്ട്, ഒമ്പത് തീയതികളിൽ നടത്തുന്നതായിരിക്കും. പരീക്ഷാ സമയത്തിൽ മാറ്റം ഉണ്ടായിരിക്കുന്നതല്ല.

## ന്യൂനപക്ഷ കമ്മീഷൻ സിറ്റിങ്

സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ തിരുവനന്തപുരം ജില്ലയിലെ സിറ്റിങ് വ്യാഴാഴ്ച (ഓഗസ്റ്റ് 8) രാവിലെ 11ന് ശാസ്തമംഗലത്തുള്ള ഓഫീസ് കോർട്ട് ഹാളിൽ നടക്കും. നിലവിലുള്ള പരാതികൾ പരിഗണിക്കുന്നതിനൊപ്പം പുതിയ പരാതികളും സ്വീകരിക്കുമെന്ന് മെമ്പർ സെക്രട്ടറി അറിയിച്ചു.

## വിവരാവകാശനിയമം ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് രജിസ്ട്രേഷൻ തുടങ്ങി

വിവരാവകാശ നിയമത്തെക്കുറിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) ആഗസ്റ്റ് മാസം നടത്തുന്ന സൗജന്യ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. കോഴ്സ് ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്. 16 വയസ് കഴിഞ്ഞ ആർക്കും കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. താത്പര്യമുള്ളവർ ¡v rti.img.kerala.gov.in വെബ്സൈറ്റ് മുഖേന ആഗസ്റ്റ് മൂന്ന് മുതൽ 16 വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. കോഴ്സ് ആഗസ്റ്റ് 18 ന് ആരംഭിക്കും. കൂടുതൽ വിവരങ്ങൾ പോർട്ടലിൽ ലഭ്യമാണ്.

## നിഷ്ൽ വാക്ക് ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ്) സോഷ്യൽ വർക്കർ, സ്പീച്ച് ലാംഗ്വേജ് പത്തോളജിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലേക്ക് ആഗസ്റ്റ് 13, 14 തീയതികളിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തും.

കൂടാതെ ഫിനാൻസ് ഏർലി ഇന്റർവെൻഷൻ എന്നീ വിഭാഗങ്ങളിലേക്ക് യോഗ്യരായവരിൽ നിന്നും അസിസ്റ്റന്റ്ഷിപ്പിനും അപേക്ഷ ക്ഷണിച്ചു. ഇന്റർവ്യൂ തീയതികൾ, മറ്റു വിശദവിവരങ്ങൾ എന്നിവയ്ക്ക് http://nish.ac.in/others/career സന്ദർശിക്കുക.



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഭീമ ജ്വല്ലറി നൽകുന്ന രണ്ട് കോടി രൂപ ഉടമ ഡോ. ബി ഗോവിന്ദൻ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തിരുവനന്തപുരം കോർപ്പറേഷൻ നൽകുന്ന രണ്ട് കോടി രൂപ മേയർ ആര്യാ രാജേന്ദ്രൻ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ നൽകുന്ന 35 ലക്ഷം രൂപ സി എസ് സുജാത മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പ്രമുഖ ഫിൻടെക് കമ്പനി ഇസിഎസ് ഫിൻ ടെക്നോപാർക്കിൽ ഓഫീസ് തുറന്നു

തിരുവനന്തപുരം: ആഗോളതലത്തിൽ വിവിധ തരത്തിലുള്ള ധനഇടപാടുകൾക്കാവശ്യമായ പരിഹാരങ്ങൾ ലഭ്യമാക്കുന്ന ഇസിഎസ് ഫിന്നിന് ടെക്നോപാർക്കിൽ പുതിയ ഓഫീസ്. ഇസിഎസ് ഫിന്നിൻറെ ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കുമുള്ള ആവശ്യകത വർധിച്ചതോടെയാണ് യുഎസ് ആസ്ഥാനമായ ഇസിഎസ് ഫിൻ ടെക്നോപാർക്കിൽ ഓഫീസ് തുറന്നത്.

'ഇസിഎസ് ഫിൻ' ൻറെ പുതിയ ഓഫീസ് ടെക്നോപാർക്ക് സിഇഒ കേണൽ (റിട്ട) സഞ്ജീവ് നായർ ഉദ്ഘാടനം ചെയ്തു. ടെക്നോപാർക്ക് ഫേസ്1 ൽ നിള ബിൽഡിംഗിൻറെ നാലാം നിലയിലാണ് കമ്പനിയുടെ പുതിയ ഓഫീസ്.



*ഇസിഎസ് ഫിൻ' ൻറെ ടെക്നോപാർക്കിലെ പുതിയ ഓഫീസ് ടെക്നോപാർക്ക് സിഇഒ കേണൽ (റിട്ട) സഞ്ജീവ് നായർ ഉദ്ഘാടനം ചെയ്യുന്നു. ഇസിഎസ് ഫിൻ സിഇഒ ജേക്കബ് അരുൾദാസ്, ഹൗസ് ഓഫ് പ്രയർ സ്ഥാപകൻ പാസ്റ്റർ സാം ടി വർഗീസ് എന്നിവർ സമീപം.*

ധനകാര്യ സ്ഥാപനങ്ങൾക്കും കോർപ്പറേറ്റുകൾക്കുമുള്ള സമ്പൂർണ പരിഹാരം വാഗ്ദാനം ചെയ്യുന്ന ഇസിഎസ് ഫിൻ 1999 ലാണ് ആരംഭിച്ചത്. ആദ്യ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ 2009 ൽ പുറത്തിറക്കിയ ഇസിഎസ് ഫിന്നിലൂടെ പേയ്മെൻറുകൾ, ട്രേഡ് പ്രോസ്സസിംഗ്, ട്രഷറി സൊലൂഷനുകൾ തുടങ്ങിയവ ലഭ്യമാകും.

ജീവനക്കാർക്ക് അർഹമായ ബ്രാൻഡിംഗ് നല്കാൻ ടെക്നോപാർക്കിന് കഴിയുമെന്ന് തിരിച്ചറിഞ്ഞതു കൊണ്ടാണ് പുതിയ ഓഫീസ് ഇവിടെ തുറന്നതെന്ന് ഇസിഎസ് ഫിൻ സിഇഒ ജേക്കബ് അരുൾദാസ് പറഞ്ഞു. കേരളത്തിൻറെ വടക്കൻ ജില്ലകളിൽ നിന്നുള്ള ജീവനക്കാർക്ക് എത്തിച്ചേരാനും ടെക്നോപാർക്ക് സൗകര്യപ്രദമാണ്.

എഞ്ചിനീയറിംഗ് സ്ഥാപനമെന്ന നിലയിൽ സംരംഭങ്ങളുടേയും സമൂഹങ്ങളുടേയും ഉന്നമനത്തിൽ സജീവമായി ഇടപെടാൻ ഇസിഎസ് ഫിന്നിന് സാധിക്കും. സംരംഭങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിൽ ഞങ്ങളുടെ ആശയങ്ങളും കഴിവുകളും ഉപയോഗിക്കുക എന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. മെച്ചപ്പെട്ട സമൂഹം കെട്ടിപ്പടുക്കുന്നതിന് ആവശ്യമായ സാമ്പത്തികം ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കും. കേവലം മത്സരങ്ങൾക്കപ്പുറത്ത് ഫിൻടെക് മേഖലയിൽ അതുല്യ സേവനങ്ങൾ നല്കാൻ ഇസിഎസ് ഫിന്നിന് കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ടെക്നോപാർക്കിലേക്ക് ഇസിഎസ് ഫിന്നിനെ സ്വാഗതം ചെയ്യുന്നതായി കേണൽ (റിട്ട) സഞ്ജീവ് നായർ പറഞ്ഞു. ടെക്നോപാർക്കിൽ കമ്പനിയുടെ പ്രവർത്തനം ആരംഭിക്കാനുള്ള ശരിയായ സമയമാണിത്. ദ്രുതഗതിയിലുള്ള വിപുലീകരണ പ്രവർത്തനങ്ങളാണ് ടെക്നോപാർക്കിൽ നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തെ ഐടി ഇക്കോസിസ്റ്റത്തിൻറെ അംബാസഡർമാരാണ് ടെക്നോപാർക്കിലെ കമ്പനികൾ. ടെക്നോപാർക്കിലെ മികച്ച സൗകര്യങ്ങളും ആവാസവ്യവസ്ഥയിലെ വിഭവശേഷിയും പ്രയോജനപ്പെടുത്തി പുരോഗതി കൈവരിക്കാൻ ആവശ്യമായ പിന്തുണ ഇസിഎസ് ഫിന്നിന് നല്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ടെക്നോപാർക്ക് കസ്റ്റമർ റിലേഷൻഷിപ്പ് ഡിജിഎം വസന്ത് വരദ, സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇന്ത്യ ഡയറക്ടർ ഗണേഷ് നായക്, സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇന്ത്യ അഡീഷണൽ ഡയറക്ടർ സാംരാജ് ഡാനിയേൽ, ഹൗസ് ഓഫ് പ്രയർ സ്ഥാപകൻ പാസ്റ്റർ സാം ടി വർഗീസ്, സെക്വാട്ടോ സിഇഒ റോബിൻ പണിക്കർ, സെക്വാട്ടോ സിഒഒ മാത്യു ചെറിയാൻ, ഇക്കോവൈറ്റ് സിഇഒ രമേഷ് എസ് പിള്ള, ജെമിനി സോഫ്റ്റ് വെയർ സൊല്യൂഷൻസ് ഫിനാൻസ് അഡ്മിൻ ഹെഡ് സാജിദ് എ സലാം എന്നിവർക്കൊപ്പം ഇസിഎസ് ഫിന്നിലെ ജീവനക്കാരും പങ്കെടുത്തു.

ആഗോളതലത്തിൽ ഉപഭോക്താക്കളുള്ള ബാങ്കുകൾ, മൂലധന വിപണികൾ, കോർപറേറ്റുകൾ എന്നിവയ്ക്കായുള്ള പ്രോസസ്സ് ഒപ്റ്റിമൈസേഷൻ ബിൽഡിംഗ് സൊല്യൂഷനുകളിൽ വൈദഗ്ധ്യമുള്ള ഒരു എഞ്ചിനീയറിംഗ് സംരംഭമാണ് ഇസിഎസ് ഫിൻ.

## എസ്എസ്‌സി റിക്രൂട്ട്മെന്റ്: സ്റ്റെനോഗ്രാഫർ തസ്തികയിലേക്ക് അപേക്ഷിക്കാം

സ്റ്റെനോഗ്രാഫർ സി, ഡി തസ്തികകളിലേക്ക് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ 2024 ഒക്ടോബർ നവംബർ മാസങ്ങളിൽ നടത്തുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു. https://ssc.gov.in വെബ്സൈറ്റ് വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. വിശദവിവരങ്ങൾക്ക് www.ssckkr.kar.nic.in, https://gov.in വെബ് സൈറ്റുകളിൽ ജൂലൈ 26 ന് പ്രസിദ്ധീകരിച്ച നോട്ടിഫിക്കേഷൻ കാണുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 17 രാത്രി 11 മണി.

## ഭരണഘടന ദ്വിഭാഷ പതിപ്പ് വിൽപ്പനയ്ക്ക്

ഭാരതത്തിന്റെ ഭരണഘടനയുടെ നാളിതുവരെയുള്ള ഭേദഗതികൾ ഉൾപ്പെടുത്തി കേരള ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ പ്രസിദ്ധീകരിച്ച രണ്ടാം ദ്വിഭാഷാ പതിപ്പ് വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. 1000 രൂപ മുഖവിലയുള്ള ഭരണഘടനയുടെ രണ്ടാം ദ്വിഭാഷാ പതിപ്പ് 20 ശതമാനം കിഴിവിൽ കമ്മീഷൻ ഓഫീസിൽ നിന്നും നേരിട്ടോ, സെക്രട്ടറി, കേരള ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ 'മിലൻ' T.C. 30/1633 KSV-120, പള്ളിമുക്ക്, പേട്ട പി.ഒ, തിരുവനന്തപുരം 695 024 എന്ന മേൽവിലാസത്തിൽ 900 രൂപ (തപാൽ ചാർജ്ജ് ഉൾപ്പെടെ) മണി ഓർഡർ അയച്ച് തപാൽ മുഖേനയോ പൊതുജനങ്ങൾക്ക് വാങ്ങാവുന്നതാണ്. ഫോൺ: 04712743131,

## വെളിനല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ വാക്ക് ഇൻ ഇന്റർവ്യൂ

വെളിനല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് 202425 സാമ്പത്തിക വർഷത്തിലെ ഡോക്ടർ നിമയനം പ്രോജക്ട് മുഖേന താൽക്കാലികമായി ഡോക്ടർ നിയമനം നടത്തുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. 40 വയസിന് താഴെ പ്രായമുള്ള എം.ബി.ബി.എസ് ബിരുദവും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമുള്ള ഉദ്യോഗാർഥികൾക്ക് ആഗസ്റ്റ് 14 ന് രാവിലെ 10.30 ന് വെളിനല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നടത്തുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കാം. താൽപര്യമുള്ള ഉദ്യോഗാർഥികൾ ആഗസ്റ്റ് 14 ന് രാവിലെ 10 മണിക്ക് വെളിനല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രം ഓഫീസിൽ എത്തിച്ചേരണം.

## സിറ്റിംഗ് മാറ്റി

സംസ്ഥാന വിവരാവകാശ കമ്മീഷ്ണർ ഡോ.എ.അബ്ദുൽ ഹക്കിം ചൊവ്വാഴ്ച (6.8.24) കോഴിക്കോട് കലക്ടറേറ്റിൽ നടത്താനിരുന്ന സിറ്റിംഗ് മാറ്റി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

# വയനാട് പുനരധിവാസത്തിന് സമഗ്ര പാക്കേജ് വേണം; ഇനിയുമൊരു ദുരന്തമുണ്ടാകരുത്; പുനരധിവാസത്തിന് യു. ഡി. എഫ് പൂർണ പിന്തുണ നൽകും

തിരുവനന്തപുരം (മലയിൻകീഴ്): വയനാട് പുനരധിവാസം സംബന്ധിച്ച കൃത്യമായ നിർദ്ദേശങ്ങൾ സർക്കാരിന് നൽകിയിട്ടുണ്ട്. വരുമാനം ഉണ്ടാക്കുന്നവർ നഷ്ടപ്പെട്ട നിരവധി കുടുംബങ്ങളുണ്ട്. അനാഥരായ കുഞ്ഞുങ്ങളും മക്കളെ നഷ്ടപ്പെട്ട വയോധികരുമുണ്ട്. ഇവർക്കൊന്നും സ്വയം തൊഴിലെടുത്ത് ജീവിക്കാനാകാത്ത അവസ്ഥയാണ്. പുനരധിവാസം വേണ്ടി വരുന്ന 450 കുടുംബങ്ങളിൽ ഓരോ കുടുംബങ്ങളെയും പ്രത്യേകമായി പരിഗണിക്കണം. ഓരോ കുടുംബങ്ങളും വാടക വീട്ടിലേക്ക് മാറുമ്പോൾ അവർക്ക് ആവശ്യമായ പാത്രങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സഹായങ്ങളും നൽകണം. അത്തരത്തിൽ എന്തെങ്കിലും ആവശ്യങ്ങൾ സർക്കാർ ആവശ്യപ്പെട്ടാൽ നൽകാൻ യു.ഡി.എഫ് തയാറാണ്. കുറെ ആളുകൾക്ക് സർക്കാർ തന്നെ തൊഴിൽ നൽകേണ്ടി വരും. ചിലർക്ക് സ്വയംതൊഴിൽ കണ്ടെത്തി നൽകണം. കൃഷി ചെയ്ത് ജീവിച്ചവർക്ക് വീണ്ടും കൃഷി ചെയ്യാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കണം. പുനരധിവാസത്തിന് വേണ്ടിയുള്ള സ്ഥലത്ത് കുട്ടികൾക്ക് കളിക്കാനുള്ള ഗ്രൗണ്ടും സ്കൂളും അങ്കൺവാടിയും ഉൾപ്പെടെ നിർമ്മിക്കുകയെന്നതാണ് രാഹുൽ ഗാന്ധി പ്രഖ്യാപിച്ച 100 വീട് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാരുമായി ആലോചിച്ച് മാതൃകാ പദ്ധതി തന്നെ നടപ്പാക്കും. പുനരധിവാസം എന്നത് ഫാമിലി പാക്കേജാക്കി നടപ്പാക്കിയാൽ മാത്രമെ ഫലപ്രദമാകൂ. ഡൽഹിയിൽ മരിച്ച സിവിൽ സർവീസ് ഉദ്യോഗാർത്ഥി നെവിൻ ഡാൽവിന്റെ തിരുവനന്തപുരത്തെ വീട് സന്ദർശിച്ച ശേഷം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ മാധ്യമങ്ങളോട് പറഞ്ഞു.

ഇനിയും ദുരന്തങ്ങൾ ഉണ്ടാകാതെ നോക്കേണ്ടതിന്റെ ഉത്തരവാദിത്തം സർക്കാർ ഉൾപ്പെടെ എല്ലാവർക്കുമുണ്ട്. ഇതിനായി ആധുനികമായ സങ്കേതങ്ങൾ ഉപയോഗിച്ച് മണ്ണിടിച്ചിലിന് സാധ്യതയുള്ള സ്ഥലങ്ങൾ മാപ്പ് ചെയ്യണം. ഡിസാസ്റ്റർ മാനേജ്മെന്റ്, ജിയോളജി വകുപ്പ്, കാലാവസ്ഥ വകുപ്പ് ഉൾപ്പെടെയുള്ളവയെ സഹകരിപ്പിച്ച് എ.ഐ സഹായത്തോട് കൂടിയുള്ള വാർണിങ് സിസ്റ്റം കേരളം മുഴുവൻ സ്ഥാപിക്കണം. കാലാവസ്ഥാ വ്യതിയാനം സർക്കാർ കാണാതെ പോകരുത്. കാലാവസ്ഥാ മാറ്റത്തിന് അനുസരിച്ചുള്ളതാകണം സർക്കാരിന്റെ നയരൂപീകരണവും. ഇതൊക്കെ പ്രതിപക്ഷം നിയമസഭയിൽ ആവശ്യപ്പെട്ടതാണ്. അതുകൊണ്ടാണ് 300 കിലോ മീറ്റർ ദൂരം 30 അടി ഉയരത്തിൽ എംബാങ്മെന്റ് കെട്ടിയുള്ള കെ റെയിലിനെ യു.ഡി.എഫ് എതിർത്തത്. പാരിസ്ഥിതികമായ വിഷയങ്ങളെ കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ഗൗരവത്തോടെ നോക്കിക്കണ്ടു മാത്രമെ പുതിയ നയങ്ങൾ രൂപീകരിക്കാവൂ എന്നതാണ് യു.ഡി.എഫിന്റെ അഭിപ്രായം. പുനരധിവാസത്തിന് വേണ്ടി സർക്കാരിന്റെ ക്രിയാത്മക നടപടികൾക്ക് കലവറയില്ലാത്ത പിന്തുണ നൽകും. അതിനൊപ്പം ക്രിയാത്മകമായ നിർദ്ദേശങ്ങളും നൽകും. ദേശീയ ദുരന്തം എന്ന പേരിട്ട് വിളിച്ചില്ലെങ്കിലും വയനാട് ഉരുൾപൊട്ടലിനെ ഘദ യിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ പരമാവധി സഹായം നൽകണം.

# ക്ഷീരകർഷകർക്ക് പലിശ രഹിത വായ്പയും കന്നുകാലികൾക്ക് സമഗ്ര ഇൻഷുറൻസം നടപ്പാക്കും: മന്ത്രി ജെ ചിഞ്ചുറാണി

കുളമ്പ് രോഗ പ്രതിരോധ കുത്തിവയ്പ് അഞ്ചാം ഘട്ടത്തിന്റെയും ചർമ്മ മുഴ രോഗ പ്രതിരോധ കുത്തിവെയ്പ് രണ്ടാം ഘട്ടത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനവും എറണാകുളം ജില്ലയിലെ പോത്താനിക്കാട് വെറ്ററിനറി ഡിസ്പെൻസറിയുടെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. വയനാട് ദുരന്തത്തിൽ പശുക്കളെ നഷ്ടപ്പെട്ടവർക്ക് ദേശീയ ദുരന്തനിവാരണ ഫണ്ട് ലഭിച്ചാലുടൻ നഷ്ടപരിഹാരം നൽകുമെന്നും മന്ത്രി അറിയിച്ചു. വയനാട് ദുരന്തമേഖലയുടെ പുനരുദ്ധാരണത്തിനായി കലൂർ മേരിലാൻഡ് പബ്ലിക് സ്കൂളിലെ യുകെജി വിദ്യാർഥിനി നിഹാരിക കുടുക്ക പൊട്ടിച്ച് 2488 രൂപയുടെ നാണയത്തുട്ടുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നൽകാനായി മന്ത്രിക്ക് കൈമാറി.

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഫാർമേഴ്സ് ബാങ്ക് ഓഡിറ്റോറിയത്തിൽ വച്ച് പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സജി കെ വർഗീസ് അധ്യക്ഷം വഹിച്ച ചടങ്ങിൽ പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീമതി ആശാ ജിമ്മി സ്വാഗതം ആശംസിക്കുകയും ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മനോജ് മുത്തേടൻ ,ജില്ല മൃഗസംരക്ഷണ ഓഫീസർ ഡോ. ജി. സജികുമാർ , ജന്തുരോഗ നിയന്ത്രണ പദ്ധതി സ്റ്റേറ്റ് പ്രോജക്ട് കോർഡിനേറ്റർ ഡോ. അനിത പി വി , ഡെപ്യൂട്ടി ഡയറക്ടർ ഡോ.അനിൽകുമാർ, ചീഫ് വെറ്ററിനറി ഓഫീസർ ഡോ. ബിജു ജെ ചെമ്പരത്തി എന്നിവർ സംസാരിക്കുകയും ചെയ്തു.തുടർന്ന് 'മൃഗങ്ങളിലെ ആനുകാലിക രോഗങ്ങളും പ്രതിരോധ മാർഗങ്ങളും' എന്ന വിഷയത്തിൽ കർഷകർക്കായി ഡോ.ടി.ആർ.ഷേർലിയുടെ നേതൃത്വത്തിൽ സെമിനാറും സംഘടിപ്പിച്ചു.

അടുത്ത 30 പ്രവൃത്തി ദിവസങ്ങളിലായി നടക്കുന്ന വാക്സിനേഷൻ യജ്ഞത്തിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള 1916 വാക്സിനേഷൻ ടീമുകൾ കർഷകരുടെ വീടുകളിൽ എത്തി സംസ്ഥാനത്തെ 14 ലക്ഷത്തോളം വരുന്ന കന്നുകാലികളിൽ കുളമ്പുരോഗ ചർമ്മമുഴ രോഗ പ്രതിരോധ കുത്തിവെയ്പ്പ് നൽകും.

# ഇലക്ട്രോണിക്സ് കയറ്റുമതിയിൽ ഇന്ത്യ കൈവരിച്ച പുരോഗതിയെ അഭിനന്ദിച്ച് പ്രധാനമന്ത്രി

## ഇന്ത്യയുടെ ഇലക്ട്രോണിക്സ് കയറ്റുമതി ആദ്യ മൂന്നിൽ ഇടം നേടി

ഇലക്ട്രോണിക്സ് കയറ്റുമതിയിൽ ഇന്ത്യ കൈവരിച്ച പുരോഗതിയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി അതിയായ സന്തോഷം പ്രകടിപ്പിച്ചു. ഇലക്ട്രോണിക്സ് കയറ്റുമതി ആഗോളതലത്തിൽ ആദ്യ മൂന്നിൽ ഇടംപിടിച്ചു. നൂതനമായ യുവശക്തിക്കാണ് ശ്രീ മോദി ഇതിന്റെ ഖ്യാതി നൽകിയത്. വരുംകാലങ്ങളിലും ഈ വേഗത തുടരാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

കേന്ദ്ര ഇലക്ട്രോണിക്സ് വിവരസാങ്കേതികവിദ്യ മന്ത്രി ശ്രീ അശ്വിനി വൈഷ്ണവ് എക്സ് പോസ്റ്റിൽ ഇന്ത്യയുടെ ഇലക്ട്രോണിക്സ് കയറ്റുമതി ആദ്യ മൂന്നിൽ ഇടംപിടിച്ചതായി അറിയിച്ചു. ഇന്ത്യയിൽ നിന്നുള്ള ആപ്പിൾ ഐഫോൺ കയറ്റുമതിയിലെ വർധനയാൽ രത്നങ്ങളെയും ആഭരണങ്ങളെയും മറികടന്ന് 202425 ഏപ്രിൽ ജൂൺ പാദത്തിന്റെ (ക്യു 1) അവസാനത്തോടെ ഇലക്ട്രോണിക്സ് ഇന്ത്യയുടെ മികച്ച 10 കയറ്റുമതികളിൽ മൂന്നാം സ്ഥാനം നേടിയതായുള്ള ബിസിനസ് സ്റ്റാൻഡേർഡ് പത്രത്തിന്റെ ലേഖനവും അദ്ദേഹം പങ്കിട്ടു.'തീർച്ചയായും ഇത് വളരെയധികം സന്തോഷം നൽകുന്ന കാര്യമാണ്.

ഇലക്ട്രോണിക്സിൽ ഇന്ത്യയുടെ വൈദഗ്ധ്യത്തിന് കരുത്തേകുന്നത് നമ്മുടെ നൂതനമായ യുവശക്തിയാണ്. പരിഷ്കരണങ്ങൾക്കും മേക്ക് ഇൻ ഇന്ത്യയുടെ @ാമസലശിശിറശമ ഉത്തേജനത്തിനും നാം നൽകുന്ന ഊന്നലിന്റെ തെളിവ് കൂടിയാണിത്.

## സ്പെഷ്യാലിറ്റി നഴ്സിങ്; വ്യക്തിഗത വിവരങ്ങൾ പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം, കണ്ണൂർ ഗവൺമെന്റ് നഴ്സിങ് കോളേജുകളിൽ നടത്തിവരുന്ന കാർഡിയോ തൊറാസിക്ക് നഴ്സിങ്, ക്രിറ്റിക്കൽ കെയർ നഴ്സിങ്, എമർജൻസി ആൻഡ് ഡിസാസ്റ്റർ നഴ്സിങ്, നിയോനേറ്റൽ നഴ്സിങ്, നഴ്സസ് ആൻഡ് മിഡ്വൈഫറി പ്രാക്റ്റീഷണർ എന്നീ പോസ്റ്റ് ബേസിക് ഡിപ്ലോമ നഴ്സിങ് കോഴ്സുകളുടെ 202425 വർഷത്തെ പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചവരുടെ പ്രാഥമിക പരിശോധനയ്ക്കുശേഷമുള്ള വിവരങ്ങൾ www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷാർത്ഥികൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഇവ പരിശോധിക്കേണ്ടതാണ്.

ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ സമർപ്പിക്കുന്നതിനുള്ള തീയതി ആഗസ്റ്റ് ഒമ്പത് 5 മണി. പുതിയ ക്ലെയിമുകൾ(അവകാശവാദങ്ങൾ) നൽകുവാൻ സാധിക്കുകയില്ല. വിവരങ്ങൾ പരിശോധിച്ച് വരുത്തേണ്ടുന്ന മാറ്റങ്ങൾ ഉണ്ടെങ്കിൽ അത് വരുത്താത്തതും ആവശ്യപ്പെട്ട സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യാത്തതും കാരണമുള്ള അനന്തരഫലങ്ങൾക്കു അപേക്ഷാർത്ഥികൾ തന്നെയാകും ഉത്തരവാദി. ആവശ്യപ്പെട്ട രേഖകൾ അപ്ലോഡ് ചെയ്യാത്തവരുടെ ക്ലെയിം/അപേക്ഷ നിരസിക്കപ്പെടുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്കു 04712560363, 364 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

## ട്രാവൽ ആൻഡ് ടൂറിസം സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 7ന്

സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം.ബി.എ (ട്രാവൽ ആൻഡ് ടൂറിസം) കോഴ്സിൽ ഒഴിവുള്ള ഏതാനും സീറ്റിലേക്ക് ആഗസ്റ്റ് 7 രാവിലെ 10 മണിക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടു കൂടിയ ഡിഗ്രിയും കെമാറ്റ്/സിമാറ്റ്/കാറ്റ് യോഗ്യതയും ഉള്ളവർക്ക് പങ്കെടുക്കാം. എസ്സി/എസ്ടി വിദ്യാർഥികൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സംവരണവും ആനുകൂല്യങ്ങളും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ്: www.kittsedu.org. ഫോൺ: 9446529467, 9447079763, 04712327707, 04712329468.

## കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സിറ്റിങ്

കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സുനിത വിമൽ ആഗസ്റ്റ് 5, 12, 19 തീയതികളിൽ കോട്ടയത്തും 6, 13 തീയതികളിൽ പുനലൂരിലും 17, 24, 31 തീയതികളിൽ പീരുമേടും 27ാം തീയതി തൊടുപുഴയിലും മറ്റു പ്രവൃത്തിദിനങ്ങളിൽ ആസ്ഥാനത്തും തൊഴിൽ തർക്ക കേസുകളും എംപ്ലോയീസ് ഇൻഷുറൻസ് കേസുകളും, എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ നടത്തുന്നതാണ്.

## തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അസി. പ്രൊഫസർ അഭിമുഖം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫാർമസി തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിദ്യാഭ്യാസ യോഗ്യത എം.ഫാം. പ്രായം പി.എസ്.എസി നിയമപ്രകാരമുള്ളത്. ഒഴിവ് ഒന്ന്. കാലാവധി 179 ദിവസം. പ്രതിമാസ വേതനം പരമാവധി 43,750 രൂപയായിരിക്കും. ഇന്റർവ്യൂ തീയതി ആഗസ്റ്റ് 14 രാവിലെ 11 മണി. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ നടക്കുന്ന അഭിമുഖത്തിന് ഹാജരാകുന്നവർ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്ന അസൽ രേഖകളും അവയുടെ ഒരു സെറ്റ് സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ഹാജരാകണം.

## കമ്പ്യൂട്ടർ പ്രോഗ്രാമർ പാനലിലേക്ക് അപേക്ഷിക്കാം

ഐ.എം.ജി, കൊച്ചി പ്രാദേശിക കേന്ദ്രത്തിലെ ഗസ്റ്റ് കംപ്യൂട്ടർ പ്രോഗ്രാമർ പാനലിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യരായ ഉദ്യോഗാർഥികൾ തപാൽ മാർഗം റീജിയണൽ ഡയറക്ടർ, ഐ.എം.ജി റീജിയണൽ സെന്റർ, കൊച്ചി, കാക്കനാട്682030 എന്ന വിലാസത്തിൽ ബയോഡാറ്റ സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് ഐ.എം.ജി വെബ്സൈറ്റ് സന്ദർശിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 14 വൈകുന്നേരം 5 മണി.